ആക്കേണ്ട പണികൾക്കായി കേന്ദ്രം തത്വത്തിൽ അംഗീകരിച്ചിട്ടുള്ള 13.06 കോടി രൂപയിൽ ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിനും അഴിമുഖത്തെ മണ്ണ് നീക്കം ചെയ്യുന്നതിനുമായി അറുപത്തിയെട്ടു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപടിക്രമം പൂർത്തിയാക്കി പ്രസ്തുത ജോലി എത്രയുംവേഗം ആരംഭിക്കുന്നതാണ് കൂടാതെ ഈ വർഷം നമ്മുടെ സംസ്ഥാന ബഡ്ജറ്റിലും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഏതായാലും പെട്ടെന്ന് ചേറ്റുവയുൾപ്പെടെയുള്ള നമ്മുടെ ഫിഷിംഗ് ഹാർബറുകളുടെയും ഫിഷിംഗ് സെന്ററുകളുടെയും മണൽത്തിട്ട നീക്കം ചെയ്യുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കുന്നതാണ്.

(6) കഴക്കൂട്ടം സൈനിക സ്കൂളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പ് തുക, ഫീസ് വർദ്ധനവിന് ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ പി. സി. ജോർജ്: സർ, കഴക്കൂട്ടത്തെ സൈനികസ്കൂൾ നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനമാണ്. ആ സ്ഥാപനത്തിൽ ഇപ്പോൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം അറുന്നൂറാണ്. ഇതിൽ 286 പേർക്കാണ് സ്കോളർഷിപ്പുള്ളത്. ഏഴായിരം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള ഗാർഡിയൻസിന്റെ കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. ആദ്യം സ്കോളർഷിപ്പ് പതിനാലായിരം രൂപയായിരുന്നു സംസ്ഥാന ഗവൺമെന്റ് പന്ത്രണ്ടായിരം രൂപയും സെൻട്രൽ ഗവൺമെന്റ് രണ്ടായിരം രൂപയുമാണ് സ്കോളർഷിപ്പ് കൊടുത്തിരുന്നത്, ഫീസ് ഇരുപതിനായിരം രൂപയായിട്ട് ഉയർന്നു. ഇരുപതിനായിരം രൂപയായിട്ട് ഉയർന്നുകഴിഞ്ഞപ്പോൾ അന്ന് എങ്ങനെ ഈ കുട്ടികളുടെ വിദ്യാഭ്യാസം നടക്കുമെന്ന് ചർച്ചചെയ്തപ്പോൾ ഗവൺമെന്റ് തന്നെ 2-1-2004-ൽ ഇറക്കിയ 37/3/ പൊ.വി. എന്ന ഉത്തരവ് അനുസരിച്ച് ഫീസ് വർദ്ധനവിന് ആനുപാതികമായി സ്കോളർഷിപ്പും വർദ്ധിപ്പിച്ചു.പക്ഷെ ഇപ്പോൾ ആ ഫീസ് 10 ശതമാനം വച്ച് വർദ്ധിപ്പിച്ച് ഓരോ വർഷവും മുപ്പത്തിയോരായിരത്തിയിരുന്നൂറ് രൂപയാക്കി 2005-ൽ ഒരു പുതിയ ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയിരിക്കുകയാണ്. ആ ഉത്തരവ് വലിയ കുഴപ്പം ഉണ്ടാക്കിയിരിക്കുകയാണ്. 2005-ലാണ് ആ ഉത്തരവ് നമ്പർ ജി. ഒ. ആർ. ടി. നമ്പർ 45/2005 ജനറൽ എഡ്യൂക്കേഷൻ ഇറങ്ങിയത്. ശ്രീ. സാജൻ പീറ്ററുടേതാണ് ആ ഉത്തരവ്. ഇതനുസരിച്ച് ഇപ്പോൾ ഇവിടെ ഒരു കുട്ടിക്ക് പഠിക്കണമെങ്കിൽ 17,200 രൂപ ഫീസ് കൊടുക്കണം. ഏഴായിരം രൂപയിൽ താഴെ വരുമാനമുള്ള ഒരു കുടുംബത്തിലെ അംഗം അവിടെ പഠിക്കണമെങ്കിൽ 17,200 രൂപ കൊടുക്കണം. എന്നുപറഞ്ഞാൽ വിദ്യാഭ്യാസം നിൽക്കാൻ പോകുകാണ്. ഇന്ന് ഇപ്പോൾ പരീക്ഷയെഴുതേണ്ട ആ സ്കൂളിലെ നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നിറുത്തേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. പണം കൊടുത്തില്ലെങ്കിൽ അവിടന്ന് ചാടിച്ചുവിടും. കേരള സംസ്ഥാനത്ത് നമുക്ക് അറിയാം, നേവിയിലും, ആർമിയിലും, എയർഫോഴ്സിലും യഥാർത്ഥത്തിൽ നമ്മുടെ കുട്ടികൾക്ക് നല്ല നിലയിൽ ജോലി ലഭിച്ച് ആ നിലയിലേക്ക് ഉയരുന്നത് ഈ സൈനിക സ്കൂളിലെ പഠനം കൊണ്ടുമാത്രമാണ്. നമ്മുടെ കമ്മിഷണർട് ഓഫീസേഴ്സ് മുഴുവൻ വരുന്നത് സത്യത്തിൽ ഈ സ്ഥാപനത്തിൽ നിന്നാണ്. നേവിയിലും ആർമിയിലും അതുപോലെ എയർഫോഴ്സിലുമെല്ലാം സൈനിക സ്കൂളുകളിൽ നിന്ന് പഠിച്ചുപോയ നമ്മുടെ കുട്ടികളാണ് സേവനം ചെയ്യുന്നത്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റിന്റെ അഭിമാന പ്രശ്നമാണ് ആ സ്ഥാപനം. അതുകൊണ്ട് 2005-ലെ ഈ ഓർഡർ കൃാൻസൽ ചെയ്തുകൊണ്ട് 2004-ൽ ഗവൺമെന്റ് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് അവിടെ വിദ്യാർത്ഥികളെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രിയങ്കരനായ വിദ്യാഭ്യാസ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്..

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): കഴക്കൂട്ടം സൈനിക സ്കൂൾ അഖിലേന്ത്യാ സൈനിക സ്കൂൾ സൊസൈറ്റിയുടെ കീഴിലാണ് നടത്തുന്നത്. ഫീസ് ഷെയറിംഗാണ്. കുട്ടിയിൽനിന്നും ഈടാക്കേണ്ട ഫീസ് 14,000 രൂപ. അതിൽ കേന്ദ്ര വിഹിതം 2,000 രൂപ സംസ്ഥാന വിഹിതം 2,500 രൂപ. രക്ഷിതാക്കളുടെ വിഹിതം 9,500 രൂപ--ഈ നിലയിലാണ്. ഓരോ വർഷവും 10 ശതമാനം വർദ്ധനവുണ്ടാകുന്നതാണ്. സ്റ്റേറ്റ് ഗവണ്മെന്റിന്റെ ഷെയർ ശരിക്കും കൊടുക്കേണ്ടത് 8,500 രൂപയാണ്. നമ്മൾ ഇപ്പോൾ 14,000 രൂപ കൊടുക്കുന്നുണ്ട്. ശ്രീ. പി.സി. ജോർജ് പറഞ്ഞ പ്രശ്നം, സ്കോളർഷിപ്പിന്റേയും ഫീസിന്റേയും രണ്ടും ഒരുമിച്ചാണ് പറയുന്നത്. 14,000 രൂപ ഇപ്പോൾത്തന്നെ ഗവണ്മെന്റ് കൊടുക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. സൈനിക സ്കൂൾ എന്നുള്ള നിലയിൽ കുറച്ചുകൂടി വർദ്ധനവ് വച്ച് എങ്ങനെ അവരുടെ പ്രശ്നം പരിഹരിക്കാമെന്ന കാര്യം ഗവണ്മെന്റ് ഗൗരവമായിട്ട് നോക്കിവരുന്നു. ഞാൻ പ്രിൻസിപ്പാളിനേയും ബന്ധപ്പെട്ട എല്ലാ പേരേയും വിളിച്ചുകൂട്ടി അഭിക്കണിളായി സെറ്റിൽമെന്റുണ്ടാക്കാൻ ശ്രമിക്കും.

(7) ലോറികളുടെ മൽസരയോട്ടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, തൃത്താല മേഖലയിൽ ഭാരതപ്പുഴയിൽനിന്നും മണൽ എടുക്കുന്നതിനായി വിവിധ ജില്ലകളിൽനിന്നും വരുന്ന ലോറികളുടെ അമിത വേഗത്തിലുള്ള മൽസരഓട്ടത്തിന്റെ ഭാഗമായി ദിനംപ്രതി അപകടങ്ങൾ ഉണ്ടാകുകയാണ്. ഇക്കഴിഞ്ഞ മാർച്ചുമാസം ഒന്നാംതീയതി തൃത്താലയിലെ കണ്ണന്നൂർ പ്രദേശത്തുണ്ടായ ലോറി അപകടത്തിൽ വഴിയാത്രക്കാരായിരുന്ന ഒരു കുടുംബത്തിലെ അച്ഛൻ (കുട്ടമണി 52 വയസ്സ്) മകൻ (സുരേഷ് ബാബു 23 വയസ്സ്) എന്നിവരും രണ്ട് മാസത്തിനുമുമ്പ് ഞാങ്ങാട്ടിരിയിൽ ഉണ്ടായ അപകടത്തിന്റെ ഭാഗമായി അയൽവാസികളായ മൂന്ന് ആളുകൾ (രാധാകൃഷ്ണമേനോൻ 58 വയസ്സ്, സജി 18 വയസ്സ്, സുജിമോൻ 20 വയസ്സ്) എന്നിവരും കൊല്ലപ്പെട്ടു. ഇവർ ഓരോരുത്തരും ഓരോ കുടുംബത്തിന്റെ നാഥൻമാരാണ്. ഇവരുടെ മരണത്തെത്തുടർന്ന് ആ കുടുംബങ്ങൾ അനാഥമായിരിക്കുകയാണ്. ഇവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് പരമാവധി സാമ്പത്തിക സഹായം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വാഹനങ്ങളുടെ മൽസര ഓട്ടത്തിന്റെ ഭാഗമായി വല്ലാത്ത ദുരന്തമാണുണ്ടാകുന്നത്. കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല. വഴിയാത്രക്കാർക്ക് റോഡിലിറങ്ങി നടക്കാൻ കഴിയുന്നില്ല. വീട്ടിൽനിന്നും ഇറങ്ങിയാൽ ജീവനോടെ വീട്ടിൽ തിരിച്ചെത്തുമെന്ന് ഒരാൾക്കും പ്രതീക്ഷിക്കാൻ കഴിയുന്നില്ല. തൃത്താല-ചാലിശ്ശേരി പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസുകാരില്ലാത്ത പ്രശ്നമുണ്ട്. വാഹനങ്ങൾ അമിതവേഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly